LIBRARY ARCHIVES Kerala Legislative Assembly

പോലീസ് സേനയിൽ ഡ്രൈവർ തസ്തികയിൽ നിയമനം

188 (3821) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് സേനയിൽ ബോട്ടും ടൂവീലറുകളുമൊഴികെ ആകെ എത്ര വാഹനങ്ങളാണ് ഇപ്പോൾ ഉള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാന പോലീസ് സേനയിൽ ഡ്യൂട്ടി പ്രകാരം ആകെ എത്ര ഡ്രൈവർമാരെ ആവശ്യമുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാന പോലീസ് വകുപ്പിലെ വാഹനങ്ങൾക്ക് ആനുപാതികമായി ഡ്രൈവർ തസ്തികകൾ സൃഷ്ടിച്ചും നിലവിലുള്ള ഒഴിവുകളിലും അടിയന്തരമായി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാന പോലീസ് സേനയിൽ ബോട്ടും ടൂവീലറുകളുമൊഴികെ 3945 വിവിധ തരം വാഹനങ്ങൾ ഉണ്ട്.

(ബി&സി) സംസ്ഥാന പോലീസ് സേനയിൽ ആകെ 2585 ഡ്രൈവർമാരുടെ തസ്തികകളാണ് നിലവിലുള്ളത്. ഇതിൽ നിലവിലുള്ള 380 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി-യിൽനിന്നും നിയമന ശിപാർശ ലഭിക്കുന്നതിനനുസരിച്ച് ഒഴിവുകൾ നികത്തിയതിനുശേഷം മാത്രമേ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുവാൻ നിർവ്വാഹമുള്ളൂ.

പോലീസ് മർദ്ദനം സംബന്ധിച്ച പരാതികൾ

189 (3822) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ സംസ്ഥാനത്ത് പോലീസ് മർദ്ദനം സംബന്ധിച്ച എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കാലയളവിൽ പട്ടികജാതി/പട്ടികവർഗ്ഗ/ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് പോലീസ് മർദ്ദനമേറ്റ എത്ര സംഭവം സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിൽ എത്ര കേസ്സുകളിൽ കുറ്റക്കാരായ പോലീസ്സുകാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?